**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 306** **23-08-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ പൊതുവിതരണ കേന്ദ്രത്തിൽ നിന്നും സാധാരണയായി ഒരു കുടുംബത്തിൽ ഒരു മാസം വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ എന്തൊക്കെയാണെന്ന വിവരം ഓരോ കാർഡിന്റെയും അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) | വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | കഴിഞ്ഞ ഒരു വർഷമായി ഏതെങ്കിലും സാധനങ്ങൾ കുറയ്ക്കുകയോ കൂട്ടുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഓരോ മാസത്തെയും നീക്കിയിരിപ്പിന്റെ അടിസ്ഥാനത്തിൽ മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിന്റെ അരിയുടെ വിതരണത്തോത് നിശ്ചയിക്കുന്നതിനാൽ പ്രതിമാസ വിതരണത്തോതിലും വ്യത്യാസമുണ്ടാകുന്നുണ്ട്. പ്രസ്തുത വിഭാഗത്തിന്റെ കഴിഞ്ഞ ഒരു വർഷത്തെ വിതരണത്തോത് താഴെ പറയും പ്രകാരമാണ്<br><br>08/2021 – 4 കി.ഗ്രാം<br><br>09/21, 10/21, 11/21 – 3കി.ഗ്രാം<br><br>12/21 – 5 കി.ഗ്രാം<br><br>01/22, 02/22, 03/22 – 7 കി.ഗ്രാം<br><br>04/22,05/22 – 8കി.ഗ്രാം<br><br>06/22, 07/22 – 10കി.ഗ്രാം<br><br>08/22 – 8കി.ഗ്രാം<br><br>ടൈഡ് ഓവർ വിഹിതമായ ഗോതമ്പ് നിർത്തലാക്കിയതിനാൽ മുൻഗണനേതര വിഭാഗത്തിന് നിലവിൽ ആട്ട വിതരണം നടത്തുന്നില്ല. മാത്രമല്ല മണ്ണെണ്ണ വിഹിതത്തിലെ കുറവ് കാരണം നടപ്പ് സാമ്പത്തിക വർഷത്തിൽ വൈദ്യുതീകരിക്കാത്ത വീടുകളുടെയും വൈദ്യുതീകരിച്ച വീടുകളുടെയും മണ്ണെണ്ണ |

| | | | |
|---|---|---|---|
| | | | വിഹിതം മൂന്നു മാസത്തിലൊരിക്കൽ യഥാക്രമം 6 ലിറ്റർ, അര ലിറ്റർ എന്ന രീതിയിൽ കുറച്ചിട്ടുമുണ്ട്. |
| (സി) | സ്പെഷ്യൽ ആയി വിതരണം ചെയ്യുന്ന സാധനങ്ങൾ എന്തൊക്കെയാണെന്നും വിതരണം ചെയ്യുന്നതെപ്പോഴാണെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ? | (സി) | പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന (PMGKAY) പദ്ധതി പ്രകാരം എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗത്തിലെ എല്ലാ അംഗങ്ങൾക്കും 2020 ഏപ്രിൽ മുതൽ 2022 സെപ്റ്റംബർ വരെ പ്രതിമാസം 5 കി.ഗ്രാം അരി സൗജന്യമായി നൽകിയിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ മാസങ്ങളിൽ മുൻഗണനേതര വിഭാഗങ്ങൾക്ക് സ്പെഷ്യൽ അരിയും എല്ലാ വിഭാഗം കാർഡുടമകൾക്കും അവശ്യസാധന കിറ്റും വിതരണം നടത്തിയിരുന്നു. 2022ലെ ഓണം പ്രമാണിച്ച് എ..എ.വൈ വിഭാഗത്തിന് 1 കി.ഗ്രാം പഞ്ചസാരയും മുൻഗണനേതര വിഭാഗങ്ങൾക്ക് ലഭ്യതയ്ക്കനുസരിച്ച് 10കിലോഗ്രാം അരിയും നൽകുന്നതാണ്. എല്ലാ വിഭാഗം കാർഡുടമകൾക്കും തുണിസഞ്ചി ഉൾപ്പെടെ 14 ഇന അവശ്യ സാധനങ്ങളടങ്ങിയ സ്പെഷ്യൽ കിറ്റും വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | ഓരോ വിഭാഗങ്ങൾക്കുമുള്ള പ്രതിമാസ വിതരണക്രമം | | | | |
|---|---|---|---|---|---|
| ഇനം | എ.എ.വൈ (മഞ്ഞ) | മുൻഗണനാ വിഭാഗം(Priority) (പിങ്ക്) | മുൻഗണനേതര വിഭാഗം-സബ്സിഡി(NPS) (നീല) | മുൻഗണനേതര വിഭാഗം-നോൺ സബ്സിഡി(NPNS) (വെള്ള) | മുൻഗണനേതര സ്ഥാപനം (NPI) (ബ്രൗൺ) |
| അരി | ഓരോ കാർഡിനും 30 കി.ഗ്രാം (സൗജന്യമായി)<br><br>കൂടാതെ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള PMGKAY പ്രകാരം 5 കി.ഗ്രാം അരി സൗജന്യമായി (2022 സെപ്തംബർ വരെ) | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം (കിലോഗ്രാമിന് 2 രൂപ നിരക്കിൽ)<br><br>കൂടാതെ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള PMGKAY പ്രകാരം 5 കി.ഗ്രാം അരി സൗജന്യമായി (2022 സെപ്തംബർ വരെ) | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം. (4 രൂപ നിരക്കിൽ) | ഓരോ കാർഡിനും ലഭ്യതയനുസരിച്ച് അതാതു മാസം നിശ്ചയിക്കുന്ന തോതിൽ കി.ഗ്രാമിന് 10.90 രൂപ നിരക്കിൽ | കാർഡൊന്നിന് 2 കി.ഗ്രാം (10.90 രൂപ നിരക്കിൽ) |
| ഗോതമ്പ് | ഓരോ കാർഡിനും 4 കി.ഗ്രാം (സൗജന്യമായി) | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം. (2 രൂപ നിരക്കിൽ) | ഇല്ല | ഇല്ല | ഇല്ല |
| ആട്ട | 1 കി.ഗ്രാം (6 രൂപ നിരക്കിൽ) | കാർഡിന് അനുവദിച്ചിട്ടുള്ള ആകെ ഗോതമ്പിൽ നിന്ന് 1 കിലോഗ്രാം കുറവു ചെയ്ത് അതിന് പകരം 1 പായ്ക്കറ്റ് ആട്ട (8 രൂപ നിരക്കിൽ) | ഇല്ല | ഇല്ല | ഇല്ല |
| പഞ്ചസാര | കാർഡിന് 1 കി.ഗ്രാം വീതം (21 രൂപ നിരക്കിൽ) | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| മണ്ണെണ്ണ | E കാർഡിന് (വൈദ്യുതീകരിച്ച വീട്) ½ ലിറ്ററും NE കാർഡിന് (വൈദ്യുതീകരിക്കാത്ത വീട്) 6 ലിറ്ററും 3 മാസത്തിലൊരിക്കൽ ലിറ്ററിന് 89 രൂപ നിരക്കിൽ ലഭിക്കും. | | | | |